കേരളകൗമുദി 24/11/2017

# അദ്ധ്യാപകരുടെ സത്യസന്ധത

**സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി**

**(ഓർഗനൈസിംഗ് സെക്രട്ടറി, ശാന്തിഗിരി ആശ്രമം)**

പഠിപ്പിക്കുന്ന ഗുണപാഠങ്ങളുടെ ജീവിക്കുന്ന ഉദാഹരണങ്ങളായിരിക്കണം അദ്ധ്യാപകർ. അങ്ങനെ ആകാൻ കഴിയാത്തവർ അദ്ധ്യാപനം എന്ന മഹത്തായ കർത്തവ്യം ഏറ്റെടുക്കേണ്ടതില്ല. വിദ്യാലയത്തിൽ കള്ളം പറഞ്ഞ ബുദ്ധസന്യാസിക്കുണ്ടായ സംഭവത്തെക്കുറിച്ചൊരു ചൈനീസ് പഴങ്കഥയുണ്ട്.

ഒരു ഗുരുകുലത്തിൽ അദ്ധ്യാപകനായിരുന്നു ബുദ്ധസന്യാസി. സദാ തീറ്റയും ഉറക്കവുമാണ് ഇദ്ദേഹത്തിന്റെ ഇഷ്ട തൊഴിൽ. പഠനം ആരംഭിക്കുന്നതിന് മുമ്പ് തന്നെ വയറു വീർക്കെ ആഹാരം കഴിക്കും. പഠിപ്പിച്ചു തുടങ്ങിയാലോ വൈകാതെ തന്നെ ഉറക്കം തൂങ്ങുകയായി. പഠന സമയം തീരും മുമ്പേ ഒരു മൂലയിലിരുന്ന് സന്യാസി ഉറങ്ങും. കുട്ടികൾ നിശബ്ദരായി നോക്കിയിരിക്കും. മണിയടിക്കുമ്പോൾ സന്യാസി ചാടി എണീക്കും. ഒരിക്കൽ ഒരു മിടുക്കൻ അദ്ദേഹത്തോട് ഇക്കാര്യം തുറന്നു ചോദിച്ചു. അത് താൻ ഉറങ്ങുന്നതല്ല എന്നും വാസ്ഥവത്തിൽ നിദ്രാവസ്ഥയിലിരുന്ന് സാക്ഷാൽ ബുദ്ധഭഗവാനുമായി സംവദിക്കുകയാണ് ചെയ്യുന്നത് എന്നുമായിരുന്നു സന്യാസിയുടെ ഉത്തരം.

പിന്നീടൊരിക്കൽ പ്രസ്തുത മിടുക്കൻ കുട്ടിയും ക്ലാസിലിരുന്ന് ഉറങ്ങിപ്പോയി. മനപ്പൂർവ്വമല്ല, അസുഖബാധിതനായ പിതാവിനെ തലേന്ന് രാത്രി ഉറക്കമിളച്ച് ശുശ്രൂഷിച്ചത് കൊണ്ട് പറ്റിപ്പോയതാണ്. പതിവുപോലെ അധ്യാപകനും ഉറക്കം തുടങ്ങി. എന്നാൽ അദ്ദേഹം ഉണർന്നപ്പോൾ കണ്ടത് മുന്നിലിരുന്ന് ഉറങ്ങുന്ന കുട്ടിയെയാണ്. മുൻപ് തന്റെ ഉറക്കം ചോദ്യം ചെയ്തതിന്റെ പ്രതികാരം സന്യാസിക്ക് ഉണ്ടായിരുന്നു. അതുകൊണ്ട് തെല്ല് ദേഷ്യത്തോടെ തന്നെ അദ്ദേഹം കുട്ടിയോട് കയർത്തു. കുട്ടി മറുപടിപറഞ്ഞു: അല്ലയോ ഗുരോ, ഞാൻ ഉറങ്ങിയതല്ല, യഥാർത്ഥത്തിൽ ശ്രീബുദ്ധനുമായി സംവദിച്ചതാണ്. ഈ മറുപടി സന്യാസിയെ കുപിതനാക്കി. ഓഹോ എന്നാൽ പിന്നെ ഭഗവാനുമായി എന്താണ് സംവദിച്ചതെന്നായി ചോദ്യം. കുട്ടി കുറിക്കു കൊള്ളുന്ന മറുപടി തന്നെ നൽകി: എന്റെ അദ്ധ്യാപകനായ അങ്ങ് ഒരിക്കലും ബുദ്ധഭഗവാനെ കണ്ടിട്ടേയില്ലെന്ന് അദ്ദേഹം പറഞ്ഞു. അങ്ങ് പറയുന്നത് കള്ളമാണെന്നും പറഞ്ഞു. ഇത് കേട്ട ബുദ്ധസന്യാസി അപഹാസ്യനായി തലതാഴ്ത്തി.

അതേ. തങ്ങൾ ചൊല്ലിക്കൊടുക്കുന്ന വിജ്ഞാനത്തിന്റെയും സാരോപദേശങ്ങളുടെയും തെളിഞ്ഞ ഉദാഹരണങ്ങളായിരിക്കണം അദ്ധ്യാപകർ. അല്ലെങ്കിൽ സ്വയം അപഹാസ്യരാവും എന്നു മാത്രമല്ല, തലമുറകളെ തന്നെ വഴിതെറ്റിക്കുകയും ചെയ്യും. കുട്ടികൾക്ക് ജീവിത പരിചയം കുറവാണെങ്കിലും ഗ്രാഹ്യശേഷി വളരെ കൂടുതലാണ്. ജീവിതത്തിൽ കാണുന്നതും കേൾക്കുന്നതുമായ കാര്യങ്ങൾ അവരുടെ മനസ്സിൽ പെട്ടെന്ന് പതിയുകയും നിലനിൽക്കുകയും ചെയ്യും.